നമ്പർ 109/2011

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

BASELIOS MARTHOMA PAULOSE II
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2010

നമ്മുടെ നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക മെത്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക മെത്രാസനത്തിന്റെ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ഭരണ ചുമതലകൾ ഒഴിയുകയും, സഭാ ഭരണഘടനപ്രകാരം ടി മെത്രാസനം നാം ഏറ്റെടുക്കുകയും ചെയ്തതിനെ തുടർന്ന് നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്കാ മെത്രാസനത്തിന്റെ അസിസ്റ്റന്റായിരുന്ന അഭിവന്ദ്യ സഖറിയാ മാർ നിക്കൊളാവോസ് മെത്രാപ്പോലീത്താ നമുക്കുവേണ്ടി മെത്രാസനത്തിന്റെ ഭരണചുമതലകൾ നിർവ്വഹിച്ചുവരികയായിരുന്നുവല്ലോ. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ 2011 ഫെബ്രുവരി 24 -ാം തീയതി സമ്മേളിച്ച യോഗം നമുക്ക് നൽകിയ ആലോചനയും, 2011 ഫെബ്രുവരി 26 -ാം തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയും പരിഗണിച്ച്, നമ്മുടെ നോർത്ത് ഈസ്റ്റ് ഡയോസിസ് ഓഫ് അമേരിക്ക മെത്രാസന ഇടവകയുടെ പൂർണ്ണചുമതലയുള്ള മെത്രാപ്പോലീത്തായായി അഭി. സഖറിയാ മാർ നിക്കൊളാവോസ് മെത്രാപ്പോലീത്തായെ നമ്മുടെ 26.02.2011 ലെ 108/2011 -ാം നമ്പർ കല്പനയിലൂടെ നിയമിച്ചിരിക്കുന്ന വിവരം ഇതിനാൽ നാം അറിയിക്കുന്നു. ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ ഒന്നാം തുബ്ദേനിൽ അദ്ദേഹത്തിന്റെ പേര് ഓർക്കുകയും, അദ്ദേഹം നൽകുന്ന കല്പനകളും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും അനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുകയും, നമ്മെ എന്നതുപോലെ അദ്ദേഹത്തെ അനുസരിച്ച് നടക്കുകയും ചെയ്യേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2011 ഫെബ്രുവരി മാസം 26 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.